**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1804** **13-02-2025 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാലത്ത് നിർത്തിവച്ചിരുന്ന സർവീസുകൾ പുനരാരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് നിർത്തിവച്ചിരുന്ന കെ.എസ്.ആർ.ടി.സി. സർവീസുകൾ പൂർണ്ണമായും പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അരുവിക്കര മണ്ഡലത്തിലെ ഡിപ്പോകളിൽ നിന്നും ഇത്തരത്തിൽ ഇനി സർവ്വീസ് പുനരാരംഭിക്കാനുള്ള ട്രിപ്പുകളുടെ വിശദാംശം ഡിപ്പോ തിരിച്ച് നൽകാമോ? | (എ) | കോവിഡ്കാല ഗതാഗത നിയന്ത്രണങ്ങൾ അവസാനിച്ചതിനെ തുടർന്ന് ലാഭകരവും ജനോപകാരപ്രദവുമായ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനക്രമീകരിച്ച് ഇതിനോടകം തന്നെ സർവീസ് ആരംഭിച്ചിട്ടുണ്ട്.<br><br>എന്നാൽ വെള്ളനാട് യൂണിറ്റിൽ നിന്നുള്ള കാരക്കൻതോട്, മൈലം, ആര്യനാട് യൂണിറ്റിലെ നെടുമങ്ങാട് – മീനാങ്കൽ, മീനാങ്കൽ - തിരുവനന്തപുരം, ആര്യനാട് – തിരുവനന്തപുരം,<br><br>വിതുര യൂണിറ്റിലെ വിതുര – ചെരുപ്പാണി – ആര്യനാട് – വാഴിച്ചൽ - വെള്ളറട – കളിയിക്കാവിള,<br><br>വിതുര – ഉരുളക്കുന്ന് – മീനാങ്കൽ - ആര്യനാട് – നെടുമങ്ങാട് – തിരുവനന്തപുരം,<br><br>വിതുര – മേത്തോട്ടം – നെടുമങ്ങാട് – തിരുവനന്തപുരം,<br><br>വിതുര (stay) – നെടുമങ്ങാട് – തിരുവനന്തപുരം,<br><br>വിതുര – നെടുമങ്ങാട് – തിരുവനന്തപുരം (stay) എന്നീ ട്രിപ്പുകൾ പഴയ സമയക്രമത്തിൽ പുനരാരംഭിച്ചിട്ടില്ല എങ്കിലും ജനോപകാരപ്രദമായ രീതിയിൽ പുനക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്തുവരുന്നു. കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം യാത്രാവശ്യം അനുസരിച്ച് സാദ്ധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ